


■ സനിൽ പി. തോമസ്

# ആൻമേരിയുടെ ആകാശക്കുതിപ്പുകൾ

കേരളത്തിന്റെ വനിതാ ബാസ്കറ്റ്ബോൾ ചരിത്രത്തിൽ സഹോദരിമാരെ തേടുമ്പോൾ ആദ്യം ഓർക്കുക, കുറിയന്നൂർ വലിയകാലായിൽ തോമസ് ജേക്കബ് - രാജമ്മ ദമ്പതികളുടെ പുത്രിമാരായ ഉഷ, ആശ, ഡോ. നിഷ, ജിഷ എന്നിവരെയാണ്. സി.ടി. ആലീസ് - സി. ടി. ബിൽക്കാമ്മ സഹോദരിമാരും ആഫ്ര നെറ്റിക്കാടൻ, ആത്മ നെറ്റിക്കാടൻ സഹോദരിമാരും സംസ്ഥാന ബാസ്കറ്റ്ബോളിൽ ഉയർന്നുകേട്ട പേരുകളാണ്. പക്ഷേ, ഇവരുടെയൊക്കെ ബാസ്കറ്റ്ബോൾ മികവ് എന്തുകൊണ്ടോ മക്കളിൽ എത്തിക്കണ്ടില്ല.

എന്നാൽ, ആൻ മേരി ജേക്കബും സഹോദരിയും മാതൃസഹോദരിമാരുടെ മക്കളും കുടുംബത്തിന്റെ വലിയ പാരമ്പര്യം കൈവിടാതെ സൂക്ഷിക്കുന്നു.

ഇന്ത്യൻ റയിൽവേസിനു തുടരെ ദേശീയ ബാസ്കറ്റ്ബോൾ ചാംപ്യൻഷിപ്പ് നേടിക്കൊടുത്തതിൽ നിർണായകപങ്കുവഹിച്ച ജീന, ജിജി, ജിയോ സഹോദരിമാരുടെ മക്കളാണിവർ. അവരുടെ പ്രതീക്ഷകളും സ്വപ്നങ്ങളുമാകട്ടെ രാജ്യത്തിന്റെ അതിർത്തികൾ കടക്കുന്നു.

ജീന 1991 മുതൽ 98 വരെ ഇന്ത്യൻ വനിതാടീമിലെ സജീവസാന്നിധ്യമായിരുന്നു, 1997 ൽ ഇന്ത്യൻ നായികയും. സഹോദരിമാർ ജിജിയും ജിയോയും ഇന്ത്യൻ സീനിയർ ക്യാമ്പു വരെയെത്തി. ജീനയുടെ ഭർത്താവ് സഖറിയാ തോമസ് ജൂനിയർ ഇന്ത്യൻ താരമായിരുന്നു. ജിയോയുടെ ഭർത്താവ് ബ്ലസൻ വർഗീസ് കോളജുതലത്തിൽ ബാസ്കറ്റ്ബോൾ കളിച്ചിരുന്നു. ജിജിയുടെ ഭർത്താവ് അധ്യാപകനായ ഷാജി ജോൺ മാത്രമാണ് ബാസ്കറ്റ് ബോളിൽ സജീവമല്ലായിരുന്നത്.

ഇപ്പോൾ, ജീനയുടെയും സഖറിയയുടെയും പുത്രി ആൻ മേരി കൈവരിച്ച നേട്ടം കുടുംബത്തിനാകെ അഭിമാനമായി. തന്റെ ആറടി രണ്ടിഞ്ച് ഉയരം പ്രയോജനപ്പെടുത്തി ആൻ ബാസ്കറ്റ് നിറയ്ക്കുന്നു. ആ കുതിപ്പ് യു.എസ്. ഒന്നാം ഡിവിഷനിലേക്കു കടക്കുന്നു.

യു.എസിലെ നാഷനൽ കോളീജിയറ്റ് അത്‌ലറ്റിക് അസോസിയേഷൻ (എൻ.സി. എ.എ.) ഡിവിഷൻ വൺ കോളജ് ബാസ്കറ്റ്ബോൾ ടീമിൽ പത്തൊൻപതുകാരി ആൻ മേരി സഖറിയയ്ക്ക് സ്ഥാനം. എൻ.ബി.എ. അക്കാദമി ഇന്ത്യ വിമൻസ് പ്രോഗ്രാമിന്റെ ഭാഗമായുള്ള ഡിവിഷൻ വൺ കോളജ് ടീമിൽ സ്ഥാനം നേടുന്ന നാലാമത്തെ ഇന്ത്യൻ താരമാണ് ആൻ മേരി. കൊളറാഡോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലാണ് ആൻ കളിക്കുക.

സഞ്ജന രമേശ് (നോർത്ത് അരിസോണ), ഹർസിമ്രാൻ കൗർ (സാൻദിയാഗോ) എന്നീ പെൺകുട്ടികളും ആൺകുട്ടികളുടെ വിഭാഗത്തിൽ അമാൻ സന്ധുവുമാണ് (മൻമൗത്ത് ഹോക്സ്) ഡിവിഷൻ വൺ സ്കോളർഷിപ് നേടിയ മറ്റ് ഇന്ത്യക്കാർ.

റിലയൻസ് ഫൗണ്ടേഷന്റെ ജൂനിയർ എൻ.ബി.എ. പദ്ധതിയുടെ 2015 ലെ കണ്ടെത്തലായ ആൻ 2020 മുതൽ യു.എസിൽ പരിശീലനം നേടുന്നു. ഫ്ളോറിഡയിലെ പരിശീലനക്യാംപിനുശേഷം രണ്ടാം ഡിവിഷനിലേക്ക് ആൻ തിരഞ്ഞെടുക്കപ്പെട്ടിരുന്നു, ഇനി ഒന്നാം ഡിവിഷനിലേക്ക്. കൊളറാഡോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിക്കു കീഴിൽ കളിക്കും.

ഹാവാർഡ് ജൂനിയർ കോളജിൽ പഠിക്കുമ്പോൾ ഡബ്ളിയു.ജെ.സി.എ.സി. വനിതാ ബാസ്കറ്റ്ബോളിൽ ഫ്രഷ്മാൻ ഓഫ് ദ് ഇയർ ആയി ആൻ മേരി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഒപ്പം ഓൾ കോൺഫെറൻസ് ടീമിൽ സ്ഥാനവും ലഭിച്ചു. ഇനി ഒരു ചുവടു മുന്നിൽ.

കോട്ടയം മൗണ്ട് കാർമൽ സ്കൂളിൽ പഠിച്ച ആൻ അണ്ടർ 18 ഏഷ്യൻ ചാംപ്യൻഷിപ്പിൽ ഇന്ത്യൻ ടീമിൽ അംഗമായിരുന്നു.

ആനിന്റെ സഹോദരി ഡോണാ എൽസ ഇപ്പോൾ തമിഴ്നാട് സംസ്ഥാനടീമിൽ കളിക്കുന്നു.

ജിജിയുടെ മകൾ ഐറിൻ എൽസ ജോണും ജിയോയുടെ മകൾ റൂത്ത് അന്ന ബ്ലസനും എ.ബി.എ. അക്കാദമിയുടെ ഫ്ളോറിഡ ക്യാംപിൽ ഒരാഴ്ചവീതം പങ്കെടുത്തവരാണ്. ഐറിൻ ജൂനിയർ ഇന്ത്യൻ താരമാണ്. റൂത്ത് സംസ്ഥാന ജൂനിയർ താരവും. 3X3 ബാസ്കറ്റ്ബോളിൽ ഇന്ത്യൻ ക്യാമ്പിലെത്തി.

ജിയോയുടെ പുത്രൻ ആരോൻ ബ്ലസൻ വർഗീസ് സംസ്ഥാന ജൂനിയർ ടീമിലും എം.ജി. സർവകലാശാലയ്ക്കുവേണ്ടിയും കളിച്ചു. ജൂനിയർ ഇന്ത്യൻ ക്യാമ്പിലെത്തി. പുത്രി റെബേക്കാ അന്നാ ബ്ലസൻ സ്കൂൾസ് നാഷനൽസ് കളിച്ചു.




കണ്ണൂർ ചെറുപുഴ കാവാലം വീട്ടിൽ ജോസിന്റെയും മേരിയുടെയും പുത്രിമാരാണ് ജീനയും ജിജിയും ജിയോയും. പാലായിലാണ് കുടുംബത്തിന്റെ വേരുകൾ.

ലീലാമ്മ തോമസ് (സന്തോഷ്) 1982 ൽ എഷ്യൻ ഗെയിംസിനുള്ള ഇന്ത്യൻ ടീമിലെത്തിയപ്പോൾ ഈ നേട്ടം കൈവരിച്ച ആദ്യമലയാളിവനിതയായി. ഗീതു അന്ന ജോസ് (രാഹുൽ) ആകട്ടെ വിദേശത്ത് പ്രഫഷണൽ ബാസ്കറ്റ്ബോൾ കളിച്ച് ചരിത്രമെഴുതി. നാളെ ആൻ മേരിയിലൂടെ ഡബ്ളിയു.എൻ.ബി.എയിൽ ഒരു മലയാളിതാരം കളിക്കാൻ ഇടവരട്ടെ. പ്രഫഷണൽ ബാസ്കറ്റ്ബോളിൽ മലയാളികളുടേതായി പുതിയൊരധ്യായം തുടങ്ങട്ടെ. ■



ആൻമേരി കുടുംബാംഗങ്ങളോടൊപ്പം

# വാടിക്കൊഴിയുന്ന പൂമൊട്ടുകൾ



**അഷ്ന ബീഗം എ.**
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല, തിരൂർ



മേയ് ഒന്ന് ലോകതൊഴിലാളിദിനം. ന്യായമായ കൂലിയോ നീതിയോ ലഭിക്കാതെ പൊരിവെയിലത്തും കൊടുംതണുപ്പിലും അപകടകരമായ അവസ്ഥകളിലുമൊക്കെ കഷ്ടപ്പെടുന്ന കോടിക്കണക്കിന് തൊഴിലാളികൾക്കു പ്രതീക്ഷ പകരുന്ന ദിനം. എന്നാൽ, ലോകമെമ്പാടും ബാലവേല ചെയ്യുന്ന കോടിക്കണക്കിനു കൊച്ചുകുട്ടികൾക്കു നീതി ലഭിക്കുന്നുണ്ടോ? കൊച്ചുകുട്ടികളെക്കൊണ്ടു പണിയെടുപ്പിക്കുന്നതു കുറ്റകരമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ലോകമാകെ ബാലവേല ഇന്നും തുടരുന്നു. ഈ സാമൂഹികതിന്മയ്ക്കെതിരേ പ്രതികരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പതിന്നാലുവയസ്സിൽ താഴെയുള്ള കുട്ടികളെക്കൊണ്ടു ജോലിചെയ്യിക്കുന്നതിനാണ് ബാലവേല എന്നുപറയുന്നത്. ഈ പ്രായത്തിൽ കുട്ടികൾ പഠിച്ചും കളിച്ചും ചിരിച്ചും വളരേണ്ടവരാണ്. അതിനുപകരം കഠിനമായ ജോലികൾ അവരെക്കൊണ്ടു ചെയ്യിക്കുന്നതു ശരിയല്ല. മിക്കവാറും കുട്ടികൾ സ്വന്തം ഇഷ്ടപ്രകാരം ഈ രംഗത്തേക്കു കടന്നുവരുന്നതല്ല. കുടുംബത്തിലെ പട്ടിണി അവരെ അതിനു നിർബന്ധിതരാക്കുന്നതാണ്.

കുട്ടികൾക്കു വളരെക്കുറച്ചു കൂലി കൊടുത്താൽ മതിയെന്നതാണ് ബാലവേലയ്ക്കു പ്രധാന കാരണം. തുച്ഛമായ പ്രതിഫലം കൊടുക്കുന്ന തൊഴിലുടമകൾ ഇതു ലാഭകരമായി കരുതുന്നു.

കുട്ടികളെ തട്ടിയെടുത്തു ഭിക്ഷാടനം, മോഷണം എന്നിവയ്ക്കായി വിനിയോഗിക്കുന്ന ചില സാമൂഹികവിരുദ്ധരുണ്ട്. ഇവരുടെ കൈയിൽ അകപ്പെട്ടാൽ കുട്ടികളുടെ സ്ഥിതി പരമദയനീയം തന്നെ. ഏതൊരു കുട്ടിക്കും ആരോഗ്യവും പ്രാഥമികവിദ്യാഭ്യാസവും ലഭിക്കണമെന്ന് നമ്മുടെ നിയമങ്ങളിലുണ്ട്. പക്ഷേ, എത്രയോ കുട്ടികൾ ഇവയൊന്നും ലഭിക്കാതെ അവഗണനയിൽ കഴിയുന്നു.

ബാലവേലമൂലം കുട്ടികൾക്കു ലഭിക്കേണ്ട സ്നേഹവും ലാളനയും നിഷേധിക്കപ്പെടുന്നു. പകരം, അവർക്കു ലഭിക്കുന്നത് മോശമായ പെരുമാറ്റവും കഠിനജോലിയും പീഡനങ്ങളുമാണ്. ഇതിനെതിരേ പ്രതികരിക്കാൻ പലപ്പോഴും കുട്ടികൾക്കു കഴിഞ്ഞെന്നുവരില്ല. സാമൂഹികസംഘടനകൾക്ക് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനു സാധിക്കും.

വീട്ടുജോലി ചെയ്യുന്നതിനു കുട്ടികളെ ഉപയോഗിക്കുന്നവരുണ്ട്. പട്ടണങ്ങളിലെ പല ഹോട്ടലുകളിലും എച്ചിൽ പാത്രമെടുക്കുന്നതും മേശയും തറയും തുടയ്ക്കുന്നതും കഴുകുന്നതുമെല്ലാം കുട്ടികളാണ്. വർക്ക്ഷോപ്പുകളിലും ചെറുകിട ഫാക്ടറികളിലും വ്യവസായശാലകളിലും കുട്ടികളെക്കൊണ്ട് അമിതമായി പണിയെടുപ്പിക്കാറുണ്ട്. ഗ്രാമങ്ങളെന്നോ നഗരങ്ങളെന്നോ ഭേദമില്ലാതെ വീടുവീടാന്തരം കയറിയിറങ്ങി കുട്ടികളെക്കൊണ്ടു കച്ചവടം നടത്തുന്നവരുമുണ്ട്. ശരിയായ ഭക്ഷണമോ വിശ്രമമോ ലഭിക്കാതെ ആ കുട്ടികൾ വളരെയധികം കഷ്ടപ്പെടുകയാണ്. സ്വന്തം ആരോഗ്യംപോലും സംരക്ഷിക്കാൻ കഴിയാതെ അകാലത്തിൽ പൊലിഞ്ഞുപോകുന്ന ആ ബാല്യങ്ങൾ നമ്മുടെ നാടിനൊരു കളങ്കമാണ്. ബാലവേല നിരോധനത്തിനുവേണ്ടി മറ്റൊരു ദിനം മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും ലോകത്തുള്ള എല്ലാ തൊഴിലാളികൾക്കും നീതി ലഭിക്കുന്നതിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന മേയ്ദിനത്തിലും താങ്ങാനാവാത്ത ജീവിതഭാരംപേറി നടക്കുന്ന കുഞ്ഞുങ്ങളെക്കുറിച്ചും ചിന്തിക്കുന്നത് അധികമാവില്ല. ■

## കവിത

# കനൽ

നീതിദേവതയുടെ
കണ്ണിൽ കനലെരിഞ്ഞു.
സ്വാതന്ത്ര്യത്തിന്റെ കനൽ.
ഞാൻ കൊതിച്ച ആകാശം
കവിതമാത്രം കണ്ടു!
ഇന്നോളമെന്റെ
ചൂടും ചൂരും
കവിതമാത്രം കണ്ടു!
യൗവനം തളിർത്തൊരുടൽ
അടികൊണ്ടു ചതഞ്ഞു.
അധികാരം
മുടിക്കുത്തിനു പിടിച്ചപ്പോഴും
കണ്ണിൽ കനലെരിഞ്ഞു.
പല്ലിറുമ്മിയ കാഴ്ചക്കാരും
അവൾക്കുനേർ കല്ലെറിഞ്ഞു.
ചോര തുപ്പിക്കൊണ്ട്
ഉച്ചത്തിൽ അലറി!
'സ്വാതന്ത്ര്യം...'
'സ്വാതന്ത്ര്യം'
എനിക്കു ഭയമില്ല.
ആറടി മണ്ണിൽത്തീരാനും.
അതിനുമുമ്പ്
അറിയും ഞാൻ
ഇന്നോളം
കാത്തുവച്ച കനവുകൾ!
നെഞ്ചിലെരിഞ്ഞ കനലുകൾ!!



**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ, എറണാകുളം

# കരകാണാക്കടലിലെ കൈത്തിരി



**അനഘ എസ്. കല്യാണി**
എം.എ. ഡവലപ്മെന്റ് സ്റ്റഡീസ്,
എം.ജി. യൂണിവേഴ്സിറ്റി

എല്ലാ വർഷവും ആ കിളികൾ ദേശാടനത്തിനു പോകാറുണ്ട്. ഇപ്രാവശ്യം നീലുക്കിളിക്ക് എന്തോ ഒരു വല്ലായ്ക. പോരാനിറങ്ങിയപ്പോൾത്തന്നെ ഒരു മടുപ്പ്. അവൾ അതു വകവയ്ക്കാതെ കൂട്ടത്തിന്റെ പിറകിൽ പറന്നു.

കടലിനക്കരെയുള്ള രാജ്യത്തേക്കുവേണം പറക്കാൻ. കടലങ്ങനെ പരന്നു വിശാലമായിക്കിടക്കുന്നു. കുറച്ചുദൂരമെത്തിയപ്പോൾ നീലുക്കിളിക്കു തലകറങ്ങി. പെട്ടെന്ന് ചിറകു തളരുന്നതുപോലെ തോന്നി. കടൽവഴിയുടെ പാതിപോലും കഴിഞ്ഞിട്ടില്ല. വിശ്രമിക്കാമെന്നു കരുതിയാൽ കടലിലെവിടെയാണ് കര? കടലിനു നടുവിലൊരു ദ്വീപുണ്ട്. അവിടെയെത്തിയിട്ടേ ഇനി വിശ്രമമുള്ളൂ. അവിടെനിന്നിത്തിരി ആഹാരവും കഴിച്ച് ഒരു രാത്രി ഒന്നുറങ്ങി പുലർച്ചെയാണ് യാത്ര തുടരുന്നത്.

അവിടെത്തണമെങ്കിൽ ഇനിയെത്രദൂരം പറന്നാലാണ്? ഇല്ല എനിക്കെത്താനാവില്ല, നീലുക്കിളിയുടെ ഉള്ളം തേങ്ങി.

കൂട്ടുകാരെല്ലാം അവളെ ആശ്വസിപ്പിച്ചു. അവർ അവൾക്കൊപ്പം താണുപറന്നു. അവർക്കവളെ താങ്ങണമെന്നുണ്ട്. അവൾ അവരോടു പറഞ്ഞു: ഇല്ല, എനിക്കു പറക്കാൻ സാധിക്കുകയില്ല. അവളുടെ കണ്ണുകൾ നിറഞ്ഞു.

ചിറകുകൾ തളരുന്നു, കുഴയുന്നു. ഈ കരകകാണാക്കടലിൽ അവസാനിക്കാനാണല്ലോ എന്റെ വിധി. എന്റെ മോഹങ്ങളും സ്വപ്നങ്ങളും പാതിവഴിക്ക് ഉപേക്ഷിക്കേണ്ടിവന്നല്ലോ. അവൾ അവരോടു പറഞ്ഞു: നിങ്ങൾ പൊയ്ക്കോളൂ. ഞാനീ നിലയില്ലാക്കയത്തിൽ വീണുപോകും. എന്നെ നോക്കിനിന്നാൽ നിങ്ങളും അപകടത്തിലാവും. അവർക്കു പിന്നെ ഒന്നും പറയാനില്ലായിരുന്നു. അവർ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് അവളെ നടുക്കടലിലുപേക്ഷിച്ച് അകലേക്കു പറന്നു. സ്രാവുകളും മറ്റ് ഇരപിടിയൻമത്സ്യങ്ങളും നിവസിക്കുന്ന നടുക്കടലിലാണ് അവൾ വീണത്.

ചിറകുകളും പപ്പും തൂവലും നനഞ്ഞ് അവൾ വെള്ളത്തിൽ താണുതുടങ്ങി. തണുത്തുറഞ്ഞ വെള്ളം. അവളുടെ ദേഹം മരവിച്ചുതുടങ്ങി. പ്രിയപ്പെട്ടവരെല്ലാം മനസ്സിലൂടെ തിരശ്ശീലയിലെന്നപോലെ മിന്നിമറഞ്ഞു. അവൾ ശ്വാസം ആഞ്ഞുവലിച്ചു. അവൾ സാവധാനം താഴ്ന്നുതുടങ്ങി.

ഒരു തിമിംഗലം കുറച്ചുദൂരെ ഇതെല്ലാം കണ്ടുനില്ക്കുന്നുണ്ടായിരുന്നു. അത് അവളുടെ അടിയിൽ വന്നൊന്ന് പൊങ്ങി. നീലുക്കിളി ഇപ്പോൾ തിമിംഗലത്തിന്റെ വിശാലമായ പുറത്ത് തളർന്നുകിടക്കുകയാണ്. അത് അവളെ എന്തൊക്കെയോ പറഞ്ഞു സമാധാനിപ്പിക്കുന്നുണ്ട്.



വെള്ളത്തിന്റെ മുകളിലൂടെ ഒരു തടിക്കഷണം ഒഴുകിവരുന്നതുപോലെ തിമിംഗലം അവളെയുംകൊണ്ട് കടലിലെ ആ കൊച്ചുദ്വീപിലേക്കു നീന്തി. സൂര്യകിരണങ്ങൾ അവളുടെ നനഞ്ഞ ചിറകുകളെ ഉണക്കി. അപ്പോഴേക്കും തിമിംഗലം ആ ദ്വീപിനടുത്തെത്തിയിരുന്നു.

നീലുക്കിളിയുടെ കണ്ണിൽനിന്ന് ഒരു തുള്ളി കണ്ണുനീർ ഇറ്റുവീണു. നന്ദിസൂചകമായി അവൾ തന്റെ കൊക്ക് തിമിംഗലത്തിന്റെ ദേഹത്താകെ ഉരസി. അതു മനസ്സിലാക്കിയ തിമിംഗലമൊന്ന് രോമാഞ്ചം കൊണ്ടു. അതിന്റെ കണ്ണിലും ഒരു കണ്ണുനീർത്തുള്ളിയുടെ നനവ്.

തിമിംഗലം അകലെ നീന്തി മറയുന്നതുവരെ അവൾ അവിടെ വട്ടമിട്ടു പറന്നു. കൂട്ടുകാർ എത്തുന്നതുംകാത്ത് അവൾ ആ ദ്വീപിലെ ഒരു മരക്കൊമ്പിലിരുന്നു. ■

DEEPANALAM WINNERS SPACE gk

## കഴിഞ്ഞ ലക്കം ക്വിസ്
### (പ്രതിഭ 2023 മാർച്ച്) ശരിയുത്തരങ്ങൾ

1) തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ
2) ഭരോസ് (BharOS)
3) സൈക്ലോൺ - 1
4) മധ്യപ്രദേശ്, 190
5) 1939, 33000
6) ബിയോൺസെ
7) 'ജാതുയി പിട്ടാര' (മാജിക് ബോക്സ്)
8) ഡിജിറ്റൽ ഡീ അഡിക്ഷൻ സെന്ററുകൾ (ഡി - ഡാഡ്)
9) മൃതസഞ്ജീവനി
കെസോട്ടോ (കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ)
10) കുമരകം

◆ ശരിയുത്തരങ്ങൾ ആരും അയച്ചിട്ടില്ല

ഗുണപാഠകഥ



# അവനവൻ ചെയ്യേണ്ടത്



**സെലീന ജെയ്മോൻ**
9-ാം ക്ലാസ്
സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്.
അയർക്കുന്നം

'അച്ഛാ, എന്റെ ഡ്രോയിങ് ബുക്ക് ഒന്നെടുത്തു കൊണ്ടുവരു.'' പഠനമുറിയിൽനിന്നു മകൻ വിളിച്ചു പറഞ്ഞു.

പത്രം വായിക്കുന്ന തിരക്കിലായിരുന്ന അച്ഛൻ അതിനു മറുപടിയൊന്നും പറഞ്ഞില്ല. കുറച്ചു നേരം കഴിഞ്ഞപ്പോൾ അവൻതന്നെ മുറിയിൽ പോയി ഡ്രോയിങ് ബുക്ക് എടുത്തുകൊണ്ടുപോയി.

'അമ്മേ, ഒരു കപ്പ് വെള്ളം കുടിക്കാൻ എടുത്തു തരുമോ?' വീട്ടിന്റെ പുറത്ത് തുണി അലക്കിക്കൊണ്ടിരുന്ന അമ്മയെ അവൻ ഉറക്കെ വിളിച്ചു.

അലക്കിക്കൊണ്ടിരുന്ന തുണി താഴെയിട്ടിട്ട് വെള്ളം എടുത്തുകൊടുക്കാൻ അടുക്കളയിലേക്കു വന്ന അമ്മയെ അച്ഛൻ വേണ്ടെന്ന് ആംഗ്യഭാഷയിൽ അറിയിച്ചു. ഇത്തിരിനേരം കാത്തുനിന്നതിനുശേഷം അവൻതന്നെ അടുക്കളയിൽ പോയി വെള്ളം എടുത്തു കുടിച്ചു.

'അതൊക്കെ നമ്മൾ ചെയ്തുകൊടുക്കേണ്ടതല്ലേ?' അമ്മ അച്ഛനോടു ചോദിച്ചു.

'ഇതൊക്കെ അവനു ചെയ്യാൻ കഴിയുന്ന കാര്യമാണ്, നമ്മൾ അതു ചെയ്തുകൊടുത്താൽ, പിന്നീട് അവൻ വലുതായാലും എല്ലാ കാര്യങ്ങളും നമ്മൾ തന്നെ ചെയ്തുകൊടുക്കേണ്ടിവരും. അവനു സാധിക്കുന്ന കാര്യങ്ങൾ സ്വയം ചെയ്തു പഠിക്കട്ടെ, അങ്ങനെ പരിശീലിക്കട്ടെ.' അച്ഛൻ പറഞ്ഞു.

'എങ്കിലും, അവൻ നമ്മുടെ ഒറ്റമകനല്ലേ' അമ്മയ്ക്കു സങ്കടം.

'നീ ഇങ്ങനെ ചിന്തിക്കുന്നത് അവനെ അലസനും മടിയനുമാക്കിത്തീർക്കും. അവനവനു പറ്റുന്ന കാര്യങ്ങൾ സ്വയം ചെയ്തു പഠിക്കട്ടെ, അതാണ് വീട്ടിൽനിന്ന് അവൻ പഠിക്കേണ്ട നല്ല പാഠം.' അത് തലകുലുക്കി സമ്മതിച്ചുകൊണ്ട് അമ്മ തന്റെ ജോലി തുടരാൻ പുറത്തേക്കു പോയി. ■

## കെ. സി. എസ്. എൽ. സംസ്ഥാന ഭാരവാഹികൾ



**റോസ് ഷിബു**
**ചെയർപേഴ്സൺ**
(തൃശ്ശൂർ അതിരൂപത)



**ആൽവിൻ ജോസഫ്**
**ജനറൽ സെക്രട്ടറി**
(ചങ്ങനാശേരി അതിരൂപത)

ഹയർസെക്കൻഡറി വിഭാഗം സെക്രട്ടറിമാർ: അതുൽ ജോഷി (ഇരിങ്ങാലക്കുട), അലീന അന്ന സണ്ണി (ചങ്ങനാശേരി), നിർമൽ ക്രിസ്റ്റ്യൻ (ചങ്ങനാശേരി)

ഹൈസ്കൂൾ വിഭാഗം സെക്രട്ടറിമാർ : സമന്യ എൻ. ജോസ് (തിരുവനന്തപുരം മലങ്കര), മിഷ്മ മനോജ് (പാലാ), ഏബൽ റൂബൻ ടോണി (പത്തനംതിട്ട)

യു.പി. വിഭാഗം സെക്രട്ടറിമാർ : അശ്വിൻ അനൂപ് (ഇടുക്കി), ബ്ലിസ് ടോണി (കൊല്ലം), അന്ന ഇമ്മാനുവേൽ (കൊല്ലം), അൻസ മരിയ ജോസഫ് (എറണാകുളം - അങ്കമാലി)

## എന്റെ വര





**സാക്ഷിനന്ദ എസ്.**
7-ാം ക്ലാസ്
ഗവണ്മെന്റ് മോഡൽ മോയൻസ് ഹയർ സെക്കൻഡറി സ്കൂൾ,
പാലക്കാട്



കവിത

# അടുക്കിവയ്പ്പ്



**ജയലക്ഷ്മി ജി.**
എം.എ. ഇക്കണോമിക്സ്
ഇഗ്നോ, സി.എം.എസ്.
കോളജ്, കോട്ടയം

ഞാനറിയുന്നൊരാൾ ഇന്നലെ ഇടറിയിറങ്ങി
തിരിഞ്ഞുനോട്ടങ്ങൾക്കോ നെടുവീർപ്പിനോ
ഇടംകൊടുക്കാതെ അയാൾ നടന്നകന്നു
മൂന്നു തവണ പേരുചൊല്ലി വിളിച്ചിട്ടും,
പ്രേതാത്മാവിനെപ്പോലെ
കാലുകളില്ലാതെ
തുഴഞ്ഞ് അയാൾ പോയി
ഒരിക്കൽ, എന്റെ സ്വപ്നത്തിൽ,
ഒരു സ്യൂട്ട്കേസിൽ നിറയെ ഓർമകളുമായി
അയാൾ വീട്ടിൽ കയറിവന്നു
ഓർമകളിലൊന്നിനെയെങ്കിലും
വാങ്ങിവളർത്താൻ എന്നോടു കെഞ്ചി
പഴയ ഓർമകളെ വീട്ടിൽ കയറ്റരുതെന്ന്
പുത്തനോർമകളെ അടുക്കിയൊതുക്കുന്ന
തലച്ചോറാജ്ഞാപിച്ചു
ഉറക്കം വിട്ടുണർന്നപ്പോൾ കട്ടിലിൻകീഴെ
'അത് നീയായിരുന്നു' എന്ന കുറിപ്പിൽ പൊതിഞ്ഞ
കുറേ ഓർമകൾ കൈനീട്ടി വിളിക്കുന്നു.



# മരിക്കുന്ന മാധ്യമധർമം



**ആൽബിൻ കൊട്ടാരം**
സെന്റ് തോമസ് കോളജ്
ഓഫ് ടീച്ചർ എജ്യുക്കേഷൻ
മൈലക്കൊമ്പ്

ക്രൈസ്തവസമൂഹം ഇന്നനുഭവിക്കുന്ന മാധ്യമപ്രഹരങ്ങൾ ചെറുതല്ല. മാധ്യമങ്ങളുടെ പരിശുദ്ധിയും സത്യസന്ധതയും കച്ചവടച്ചരക്കായി മാറിക്കഴിഞ്ഞപ്പോൾ, സ്ഥാപിതതാത്പര്യമുള്ളവർക്ക് അനഭിലഷണീയമായ കാര്യങ്ങൾ മറക്കാനും വെളുപ്പിക്കാനും മാധ്യമങ്ങൾ നിർബന്ധിതമാകുന്നു. ഒപ്പം, തങ്ങൾക്കനിഷ്ടമുള്ളവയെയും സമൂഹങ്ങളെയും ഇകഴ്ത്തിക്കാട്ടാനും ഇത്തരക്കാർ പരിശ്രമിക്കുന്നു.

ഇവിടെ മരിച്ചുപോയത് ജീവനുള്ള മാധ്യമധർമമാണ്, ധാർമികതയാണ്. സ്വതന്ത്രമാധ്യമപ്രവർത്തനമെന്നതു പ്രഹസനനമായി മാറിക്കഴിഞ്ഞിരിക്കുന്നു. കത്തോലിക്കാസഭയെയും വ്യക്തികളെയും തങ്ങളുടെ അഭീഷ്ടമനുസരിച്ചു താറടിക്കുന്ന പ്രവണത ഇക്കാലത്തു സജീവമാണ്. ക്രിസ്തുവിന്റെ കാലത്ത് അവനും വിവാദമായിരുന്ന അടയാളമായിരുന്നു. അവൻ പലർക്കും ഇടർച്ചയ്ക്കു കാരണമായിരുന്നു. സഭയും ഇത്തരത്തിൽ പീഡിപ്പിക്കപ്പെടുന്നെങ്കിലും അവളുടെ മണവാളനായ ക്രിസ്തു അവളെ സംരക്ഷിക്കുകതന്നെ ചെയ്യും.

എന്താണ് ഞാൻ വിശ്വസിക്കേണ്ടതെന്ന ഒരു ചോദ്യമുണ്ട്. കാണുന്നതെല്ലാം സത്യമല്ല. കേൾക്കുന്നതെല്ലാം വിശ്വാസയോഗ്യവുമല്ല. അനവധി മാമൂലുകളുടെയും അജണ്ടകളുടെയും ഉത്പന്നമാണിന്ന് വാർത്തകൾ. പല സ്രോതസ്സുകളെ ആശ്രയിക്കാനും അവയെ സമചിത്തതയോടെയും സമഗ്രമായും അപഗ്രഥിക്കാനും നാം തയ്യാറാവണം.

സ്വതന്ത്രമാധ്യമപ്രവർത്തനത്തിനായി നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും സജ്ജരാക്കണം. കാഴ്ചക്കാരെയല്ല, കാമ്പുള്ളവരെയാണ് നമുക്കാവശ്യം. സത്യസന്ധവും സുതാര്യവുമായ മാധ്യമപ്രവർത്തനത്തിനായി തലമുറയെ വാർത്തെടുക്കാൻ ശ്രമിക്കാം. സർവോപരി, നമ്മുടെ ചിന്തകളെ പരിശുദ്ധാത്മാവിനു സമർപ്പിക്കാൻ ശ്രദ്ധിക്കുക. ഒരു പുത്തൻതലമുറയിൽ പുതിയ മനോഭാവംതന്നെയാണ് അഭികാമ്യം.

ഇരുധ്രുവങ്ങളെ ബന്ധിപ്പിക്കുന്ന പാലത്തിന്റെ വിശ്വസ്തതയാണ് യാത്രക്കാരെ സംരക്ഷിക്കുന്നത്. വിവരങ്ങളുടെയും വിജ്ഞാനത്തിന്റെയും മധ്യവർത്തികളെ മാധ്യമം എന്നു വിളിക്കുന്നു. കാലഘട്ടത്തിന്റെ കോളിളക്കങ്ങളിൽ മാധ്യമധർമമെന്ന ശ്രേഷ്ഠമായ കാര്യം ബഹുവിധകാരണങ്ങളാൽ കളങ്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

സത്യസന്ധമായ വാർത്തകൾക്കും മൂല്യബോധമുള്ള അറിവുകൾക്കും മറ്റുമായി മാധ്യമങ്ങളെ ആശ്രയിക്കുന്നവർ ഇന്നു തെറ്റിദ്ധരിക്കപ്പെടുന്ന അവസ്ഥാവിശേഷമാണുള്ളത്. ആടിനെ പട്ടിയാക്കുന്ന വഞ്ചനയുടെയും മുതലെടുപ്പിന്റെയും മത-രാഷ്ട്രീയ അജണ്ടകളുടെ ഇരയായി മാധ്യമങ്ങൾ അധഃപതിച്ചിരിക്കുന്നു.

മരിയ റെന എന്ന ഫിലിപ്പീൻസുകാരിയെ നൊബേൽ സമ്മാനത്തിനർഹയാക്കിയത് സ്വതന്ത്രമാധ്യമപ്രവർത്തനമാണ്. നിരവധിയായ കരിവാരിത്തേക്കലുകളും ഏഷണികളുംകൊണ്ട് കലുഷിതമായ മാധ്യമലോകത്ത്, വിചാരണയും വിധിയുമെല്ലാം നാടകമായി മാറുമ്പോൾ സത്യം വികൃതമാക്കപ്പെടുന്നു. ■

# DEEPANALAM WINNERS SPACE gk

**സമ്മാനം ആയിരം രൂപ**

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. രാജ്യത്ത് ആദ്യമായി ഹൈക്കോടതി വിധിന്യായങ്ങൾ പ്രാദേശികഭാഷയിൽ പുറപ്പെടുവിക്കുന്ന സംസ്ഥാനം?

   ഉത്തരം : .........................

2. ലോകപരിസ്ഥിതിദിനപ്രമേയമായി ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന ആശയമെന്ത്?

   ഉത്തരം : .........................

3. 2023 ലെ ലോകസന്തോഷറിപ്പോർട്ടിൽ ഒന്നാമതെത്തിയ രാജ്യം? ഇന്ത്യയുടെ സ്ഥാനം എത്രയാണ്?

   ഉത്തരം : ......................... ...................................

4. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ ചരക്കുകപ്പലിന്റെ കപ്പിത്താൻ ഒരു മലയാളിയാണ്. പേരും സ്വദേശവും പറയാമോ?

   ഉത്തരം : .........................

5. രാജ്യത്തെ ഏറ്റവും പ്രായംകുറഞ്ഞ അവയവദാതാവായി ശ്രദ്ധ പിടിച്ചുപറ്റിയത് ആരാണ്? സ്വദേശം?

   ഉത്തരം : ......................... ...............................

6. ലോകത്തെ ഏറ്റവും നീളമുള്ള റെയിൽവേ പ്ലാറ്റ്ഫോം ബംഗളൂരുവിലെ ഹുബ്ബള്ളി റയിൽവേ സ്റ്റേഷനിലാണ്. നീളം എത്ര മീറ്ററാണ്? ഇതുവരെ ആ ക്രെഡിറ്റ് ഏതു പ്ലാറ്റ്ഫോമിനായിരുന്നു?

   ഉത്തരം : ......................... ...................................

7. ഐക്യരാഷ്ട്രസഭയുടെ പരമോന്നത പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻസ് ഓഫ് ദ എർത്ത്' ഈ വർഷം ആർക്കാണു ലഭിച്ചത്?

   ഉത്തരം : .........................

8. പ്രധാനമന്ത്രി കേരളസന്ദർശനത്തിന്റെ രണ്ടാം ദിനം ഉദ്ഘാടനം ചെയ്ത പദ്ധതികളിൽ, കേന്ദ്രസർക്കാർ പണം മുടക്കുന്നില്ലാത്തവ ഏതാണ്?

   ഉത്തരം : .........................

9. കേരളത്തിന്റെ വന്ദേഭാരത് എക്സ്പ്രസിലെ ലോഗോ എന്താണ്?

   ഉത്തരം : .........................

10. എയിംസ് പദ്ധതി നിലവിൽ എത്ര സംസ്ഥാനങ്ങൾക്കാണ് അനുവദിച്ചിരിക്കുന്നത്?

    ഉത്തരം : .........................

**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം 7306874714 എന്ന വാട്സാപ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. അവസാനതീയതി 2023 മെയ് 22.

പേര് : ..................................................

മേൽവിലാസം : ..................................................

..................................................

ഫോൺ നമ്പർ : ..................................................

# സന്തോഷത്തിന്റെ വഴികൾ



**ആൻ മരിയ തോമസ്**
ബി.എ. സൈക്കോളജി
ക്രിസ്തുജയന്തി കോളജ്,
ബാംഗ്ലൂർ

ആഗ്രഹങ്ങളും സന്തോഷങ്ങളും - തികച്ചും സുപരിചിതമായ, നിരവധി നിർവചനങ്ങൾ നല്കപ്പെട്ട രണ്ടു വാക്കുകൾ. എന്നാൽ, എങ്ങനെയാണ് നിങ്ങൾ അവയെ നിർവചിക്കുന്നത്? എന്തെല്ലാമാണ് നിങ്ങളുടെ ആഗ്രഹങ്ങളും സന്തോഷങ്ങളും? ആഗ്രഹങ്ങൾ സഫലമാകുമ്പോഴാണ് സന്തോഷം ലഭിക്കുക എന്നു പറഞ്ഞാൽ നിങ്ങൾ അതിനോടു യോജിക്കുന്നുവോ? തീർച്ചയായും ആഗ്രഹങ്ങളുടെ സഫലീകരണം സന്തോഷം പകരുന്നു.

"Money doesn't buy Happiness' എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാലതൊന്ന് ശരിക്ക് ആലോചിച്ചു നോക്കൂ. സ്വന്തമായി വീടില്ലാത്ത ഒരുവന് ഭവനനിർമാണത്തിന് ധനസഹായം നല്കിയാൽ അവനിൽ സന്തോഷം ഉണ്ടാകുമോ ഇല്ലയോ? ആശുപത്രിച്ചെലവു താങ്ങാനാവാതെ നില്ക്കുന്നവന്റെ നേർക്ക് ഒരു കരം നീട്ടിയാൽ അവനെ അതു സമാധാനിപ്പിക്കില്ലേ? മനുഷ്യർ ദൈവതുല്യരായി മാറുന്ന സാഹചര്യങ്ങളാണ് ഇവയെല്ലാം.

പണത്തിനു പണംതന്നെ വേണമെന്നുള്ളതാണു സത്യം. സാമ്പത്തികപ്രശ്നങ്ങൾ ഇല്ലാത്തവർ ഈ കാലഘട്ടത്തിൽ ചുരുക്കമാണ്. എന്നാൽ, സന്തോഷം പണത്തിലൂടെമാത്രം എന്നു ചിന്തിക്കുമ്പോഴാണ് പ്രശ്നം. പണത്തിലൂടെയും സന്തോഷം ലഭിക്കുമെന്നതാണ് വാസ്തവം. സ്വന്തമായി എന്തെങ്കിലും ഒന്നു വാങ്ങാൻ പറ്റുക - അത് സന്തോഷംതന്നെയാണ്. ജീവിതത്തിൽ നാം ശ്രദ്ധിക്കപ്പെടാതെ കടന്നുപോയ പലതിലും സന്തോഷങ്ങൾ ഉണ്ടായിരുന്നുവെന്നതു മറ്റൊരു സത്യം.

ഉദാഹരണം പറഞ്ഞാൽ, ഉമ്മറത്തിരുന്ന് ചായ കുടിച്ച മഴക്കാലങ്ങൾ, സന്ധ്യയ്ക്ക് മുറ്റത്തു കസേരകളിട്ട് വീട്ടുകാരും കൂട്ടുകാരും ഒരുമിച്ചിരുന്ന് കടലകൊറിച്ച് വർത്തമാനം പറഞ്ഞിരുന്നത്, ഉന്നംവച്ച മാങ്ങ കല്ലെറിഞ്ഞുവീഴ്ത്തിയത്, ഓരോ ബ്രേക്കിനും ഓഫീസിലും കോളജിലുമൊക്കെ കേൾക്കുന്ന ഒരു ചായ കുടിച്ചാലോ എന്ന ആ ഒരു ചോദ്യം, സ്ഥിരം സഞ്ചരിക്കുന്ന വഴിയരികിലെ ചെടിയിൽ ഒരു പൂവ് വിരിഞ്ഞത്, തീരെ പ്രതീക്ഷിക്കാതെ കൂട്ടുകാരെല്ലാം ഒരേ നിറത്തിലുള്ള ഉടുപ്പിട്ടു വന്നത്, ഒന്നു മിണ്ടാൻ പറ്റിയിരുന്നെങ്കിലെന്നു നിനച്ചിരിക്കവേ അതേയാൾ ഇങ്ങോട്ടു വിളിച്ചത് എന്നിങ്ങനെ സന്തോഷങ്ങളുടെ നീളുന്ന ഈ ലിസ്റ്റിൽ പറഞ്ഞവയെല്ലാം നാം ആസ്വദിച്ചിരുന്നുവോ എന്നു ചിന്തിച്ചുനോക്കാം.

ജീവിതം ഒരു ഓട്ടമത്സരമല്ലെന്നു പറഞ്ഞതു ശരിയാണ്. അതു നാം ജീവിച്ചുതന്നെ തീർക്കേണ്ടതാണ് എന്നാണല്ലോ. എത്ര ചെറുതിനെയും അഭിനന്ദിക്കാൻ നമുക്കു പഠിക്കാം. എക്കാലവും ചെറുപ്പമായിരിക്കാനാണല്ലോ മനുഷ്യരെല്ലാം ആഗ്രഹിക്കുന്നത്. സന്തോഷം കണ്ടെത്താൻ കഴിയുന്ന മനസ്സിന് യൗവനം വീണ്ടെടുക്കുക എളുപ്പം. ഇത്ര വിശാലമായ പ്രപഞ്ചത്തിൽ ഒളിഞ്ഞിരിക്കുന്ന സന്തോഷങ്ങളെ തേടി കണ്ടുപിടിക്കൂ... സന്തുഷ്ടരായി ജീവിക്കൂ.



**കഥ**



# ബൈക്കേ വിട പിഴകളേ വിട



**അവന്തിക അഭിജിത്ത്**
9-ാം ക്ലാസ്
ലിറ്റിൽ ഫ്ളവർ
ഹൈസ്കൂൾ
ചെമ്മലമറ്റം

നിരീക്ഷണക്യാമറകൾ നിരത്തുകളിൽ പ്രത്യക്ഷപ്പെട്ടതോടെ പുതിയ ഇരുചക്രവാഹനങ്ങൾ വാങ്ങിയവർ ആകെ ചിന്താക്കുഴപ്പത്തിലായി.

ചിന്തയിൽ മുഴുകിയിരുന്ന അച്ഛന്റെ അടുത്തേക്കു വന്ന് മകൻ ചോദിച്ചു: 'അച്ഛാ, എന്താണിത്ര കാര്യമായി ആലോചിക്കാൻ? നമുക്ക് മൂന്നുപേർക്കുംകൂടി ഒരുമിച്ച് ബൈക്കിൽ പുറത്തുപോകാൻ കഴിയില്ല എന്നതാണോ?'

'ഞാൻ ഇനി പറയുന്ന നാലു കാര്യങ്ങളിൽ ഏതെങ്കിലുമൊന്നു തീരുമാനിച്ചാൽ മതി, എല്ലാ പ്രശ്നത്തിനും പരിഹാരമാകും' മകൻ പറഞ്ഞു.

'കിട്ടുന്ന വിലയ്ക്ക് വാഹനം വിൽക്കുക, അച്ഛനും അമ്മയുംമാത്രം ഇനിമുതൽ ബൈക്കിൽ യാത്ര ചെയ്യുക, രണ്ടും കല്പിച്ച് മൂന്നുപേരും ചേർന്ന് യാത്ര ചെയ്യുക, ഇനിമുതൽ എല്ലാവരും ബസ്സിൽ യാത്ര ചെയ്യുക.'

'അച്ഛാ, യുവർ ടൈം സ്റ്റാർട്ട്സ് നൗ.'

'ഈ സാഹചര്യത്തിൽ മോനേ, ഞാൻ തിരഞ്ഞെടുക്കുന്നത്, ഓപ്ഷൻ നാല്.'

'അച്ഛന്റെ തീരുമാനം തികച്ചും അനുയോജ്യമാണ്, കൺഗ്രാസ്. ഇനി ധൈര്യമായി നമ്മുടെ വാഹനം വിറ്റുകള.'

'ബൈക്കേ വിട, പിഴകളേ വിട.' എന്നു പറഞ്ഞിട്ട് മകൻ ഒരു മൂളിപ്പാട്ടും പാടി ക്രിക്കറ്റ് ബാറ്റുമെടുത്തു പുറത്തേക്കു നടന്നു.